പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1176

29.09.2011 ൽ മറുപടിയ്ക്ക്

## എറണാകുളം ടൂറിസം മേഖലയിലെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.യു. കുരുവിള | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ടൂറിസം വികസനത്തിൽ പുതുതായി എന്തെല്ലാം പദ്ധതികളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; | (എ) | പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ടൂറിസം മേഖലയിൽ എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) | ഈ വർഷം എറണാകുളം ജില്ലയിലെ പദ്ധതികൾക്കൊന്നും തന്നെ ഭരണാനുമതി കൊടുത്തിട്ടില്ല. |
| (സി) | കോതമംഗലം ഭൂതത്താൻകെട്ടിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ; | (സി) | പരിശോധിയ്ക്കുന്നതാണ്. |
| (ഡി) | നേര്യമംഗലത്ത് ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എത്ര തുകയുടെ അനുമതി ലഭിച്ചിട്ടുണ്ട് ? | (ഡി) | 309.62 ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സർക്കാരിന്റെ പുതിയ പദ്ധതികൾ

1. കോട്ടയം ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളായ ഇലവീഴാ പൂഞ്ചിറ, ഇല്ലിക്കൽ കല്ല്, അയ്യംമ്പാറ, മാർമല, വാഗമൺ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ടൂറിസം പ്രോജക്ടിനായി 1 കോടി രൂപ.

2. ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ശിവഗിരിയിൽ പണികഴിപ്പിക്കുന്ന കൺവെൻഷൻ സെന്ററിന് സഹായധനമായി 1 കോടി രൂപ.

3. പമ്പാനദിയിലെ ആറന്മുള നീരേറ്റുപുറം ജലമേളകൾക്ക് (കെ.സി..മാമ്മൻ മാപ്പിള ട്രോഫി) ഉള്ള ഗ്രാന്റ് 5 ലക്ഷം രൂപാ വീതം വർദ്ധിപ്പിച്ചിട്ടുള്ളത്.

4. മലപ്പുറം ജില്ലയിലെ ഒട്ടുമ്പുറത്തേയും കൂട്ടായിയിലെ കനോലി കനാൽ വഴിയുള്ള ജലപാതകളെ ബന്ധിപ്പിച്ച് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് 10 ലക്ഷം രൂപാ.

5. കോഴിക്കോട് മാനാഞ്ചിറയിൽ സാമൂതിരി ടവ്വറിനും, കുഞ്ഞാലിമരയ്ക്കാർ ഗാർഡനും 25 ലക്ഷം രൂപ.

6. കണ്ണൂർ കോട്ടയിൽ ലൈറ്റ് ആന്റ് സൗണ്ട് പരിപാടികൾക്കായി 5 ലക്ഷം രൂപാ.

7. ചെറുവത്തൂരിലെ വീരമല കുന്നിനെയും ഭൂതത്താൻ കെട്ടിനേയും ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനായും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ